"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

നികുതി വകുപ്പ് - എക്സൈസ്- ജീവനക്കാര്യം - "Operation Cocktail" -അടൂർ എക്സൈസ് റേഞ്ച് ഓഫീസിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധന-എക്സൈസ് ഇൻസ്പെക്ടർ ശ്രീ.ബിജു.എൻ.ബേബിയ്ക്കെതിരായ അച്ചടക്ക നടപടി-തീർപ്പാക്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

നികുതി (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.482/2024/TAXES തീയതി,തിരുവനന്തപുരം, 09-06-2024

പരാമർശം:-

1. വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 01/01/2024-ലെ E1(SC-28/2023/SRT) 44801/2023/DVACB നമ്പർ കത്ത്.
2. വിജിലൻസ് വകുപ്പിന്റെ 20/01/2024-ലെ VIG-A2/532/2023/VIG നമ്പർ കത്ത്.
3. 20/02/2024- ലെ നികുതി-എഫ്2/13/2024/നി.വ നമ്പർ കുറ്റാരോപണ മെമ്മോ
4. കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ. ബിജു. എൻ. ബേബി 13/04/2024-ൽ സമർപ്പിച്ച എതിർവാദ പത്രിക
5. എക്സൈസ് കമ്മീഷണറുടെ 09/05/2024 -ലെ EXC/1173/2024-XE5 നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാനത്തെ എക്സൈസ് വകുപ്പിന്റെ കീഴിലെ റേഞ്ച് ഓഫീസുകളിലും സർക്കിൾ ഓഫീസുകളിലും ഡിവിഷണൽ ഓഫീസുകളിലും വ്യാപകമായ ക്രമക്കേടുകൾ നടക്കുന്നുവെന്ന ആരോപണത്തിന്മേൽ സംസ്ഥാന വ്യാപകമായി "Operation Cocktail " എന്ന പേരിൽ നടത്തിയ മിന്നൽ പരിശോധനയുടെ ഭാഗമായി അടൂർ എക്സൈസ് റേഞ്ച് ഓഫീസിൽ 23.08.2023 തീയതിയിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ ചുവടെ ചേർക്കുന്ന ക്രമക്കേടുകൾ/അപാകതകൾ കണ്ടെത്തി അന്വേഷണ റിപ്പോർട്ടും ശുപാർശയും പരാമർശം (1) പ്രകാരം വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ വിജിലൻസ് വകുപ്പിന് നൽകിയിരുന്നു.

i.ഓരോ മാസവും എത്ര ബാറുകൾ പരിശോധിച്ചുവെന്ന് മനസ്സിലാക്കുന്നതിന് സ്റ്റേഷനിൽ സൂക്ഷിച്ചിട്ടുള്ള Daily Register പരിശോധിച്ചതിൽ 2023 മാർച്ചിൽ ഒരു ബാറും മെയ് മാസം മൂന്ന് ബാറും പരിശോധിച്ചതായി രേഖപ്പെടുത്തി കാണപ്പെട്ടിട്ടുള്ളതാണ്. എന്നാൽ പരിശോധനയിൽ കണ്ടെത്തിയ ആപാകതകൾ ഒന്നും ടി രജിസ്റ്ററിൽ രേഖപ്പെടുത്തി കാണപ്പെട്ടിട്ടില്ല. ഓരോ മാസവും റേഞ്ച് പരിധിയിലെ കള്ള് ഷാപ്പുകളും, ബാറുകളും പരിശോധന നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തണമെന്നിരിക്കെ മേയ് മാസത്തിന് ശേഷം നാളിതുവരെ ബാറുകൾ പരിശോധിച്ചതായി രേഖപ്പെടുത്തി കാണപ്പെട്ടിട്ടില്ലാത്തതാണ്.

ii.എക്സൈസ് ഇൻസ്പെക്ടർ ബിജു. എൻ. ബേബിയുടെ കൈവശം 1730/- രൂപ കാണപ്പെട്ടിട്ടുള്ളതും

എന്നാൽ ടിയാൻ ആയത് ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തി കാണപ്പെട്ടിട്ടില്ലാത്തതുമാണ്.

2) വിജിലൻസ് മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ/അപാകതകളിൻമേൽ വിജിലൻസ് വകുപ്പിന്റെ പരാമർശം (2) ലെ കത്തിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ എല്ലാ ബാറുകളിലും, കള്ള് ഷാപ്പുകളിലും എല്ലാ മാസവും പരിശോധന നടത്തി ടി വിവരവും പരിശോധനയിൽ കണ്ടെത്തുന്ന അപാകതകളും റേഞ്ച് ഓഫീസിലെ ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തണമെന്നിരിക്കെ ആയത് ചെയ്യാതിരുന്നതിനും സർക്കാർ ഓഫീസുകളിലെ ജീവനക്കാർ അവരുടെ കൈവശമുള്ള വ്യക്തിപരമായ ക്യാഷ് വിവരങ്ങൾ ഓരോ ദിവസവും അതാത് ഓഫീസിൽ സൂക്ഷിച്ചിട്ടുള്ള ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തണമെന്നിരിക്കെ ആയത് രേഖപ്പെടുത്താതിരുന്നതിനും അടൂർ എക്സൈസ് റേഞ്ച് ഓഫീസിലെ എക്സൈസ് ഇൻസ്പെക്ടർ ശ്രീ.ബിജു.എൻ.ബേബിയ്ക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11, 16 പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ടിയാന് പരാമർശം (3) പ്രകാരം കുറ്റാരോപണമെമ്മോ നൽകിയിരുന്നു.

3) കുറ്റാരോപണമെമ്മോയ്ക്ക് ശ്രീ.ബിജു.എൻ.ബേബി പരാമർശം (4) പ്രകാരം സമർപ്പിച്ച മറുപടിയിൽ ടിയാൻ 23.08.2023-ൽ രാവിലെ പാർട്ടി സഹിതം പോകുന്ന ധൃതിയിൽ ഹാജർ പുസ്തകത്തിൽ ഒപ്പിടാനും ക്യാഷ് ബുക്ക് എഴുതാനും വിട്ടു പോയിട്ടുള്ളതാണെന്നും, ബാറുകളിലും കള്ള് ഷാപ്പുകളിലും പരിശോധന നടത്തി, അപാകതകൾ റേഞ്ച് ഓഫീസിലെ ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലെന്ന പരാമർശം പൂർണ്ണമായും ശരിയല്ലെന്നും, ലൈസൻസ് സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നതിന്റെ വിവരം രേഖപ്പെടുത്താൻ ഓഫീസുകളിൽ പ്രത്യേകം രജിസ്റ്ററുകൾ സൂക്ഷിച്ചുവരുന്നില്ലെന്നും, ലൈസൻസ് സ്ഥാപനങ്ങളിൽ നടത്തുന്ന പരിശോധനകളുടെയും ശേഖരിക്കുന്ന സാമ്പിളുകളുടെയും വിവരം ഡെയിലി എൻഫാഴ്സ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെന്നും ടി വിവരം അതാത് ദിവസം തന്നെ ഡിവിഷൻ ഓഫീസിൽ ടെലിഫോൺ മുഖാന്തരം അറിയിക്കുകയും, ശേഖരിക്കുന്ന സാമ്പിളുകളുടെ വിവരങ്ങൾ സാമ്പിൾ രജിസ്റ്റർ പ്രത്യേകം സൂക്ഷിച്ച് അതിൽ കൃത്യമായി രേഖപ്പെടുത്തുകയും ചെയ്യാറുണ്ടെന്നും, ടിയാന്റെ കൈവശമുള്ള വ്യക്തിപരമായ പണത്തിന്റെ വിവരങ്ങൾ ക്യാഷ് രജിസ്റ്ററിൽ രേഖപ്പെടുത്താതിരുന്നത് ടിയാന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയാണെന്നും, ടിയാൻ 31.05.2024-ൽ സർവീസിൽ നിന്നും വിരമിക്കാനിരിക്കുകയാണെന്നും, ടിയാന്റെ ഭാഗത്ത് നിന്നും സംഭവിച്ചത് മന:പൂർവ്വമല്ലാത്ത വീഴ്ചയായി പരിഗണിച്ച് ശിക്ഷാ നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും അപേക്ഷിച്ചിരുന്നു.

4) സർക്കാർ ഓഫീസുകളിലെ ജീവനക്കാർ അവരവരുടെ കൈവശമുള്ള വ്യക്തിപരമായ ക്യാഷ് വിവരങ്ങൾ ഓരോ ദിവസവും ഓഫീസിൽ സൂക്ഷിച്ചിട്ടുള്ള ക്യാഷ് രജിസ്റ്ററിൽ രേഖപ്പെടുത്തണമെന്നിരിക്കെ എക്സൈസ് കമ്മീഷണറുടെ 28.10.2013ലെ XE5-29602/13 നമ്പർ സർക്കുലർ പ്രകാരം എക്സൈസ് ഉദ്യോഗസ്ഥർ കൈവശമുള്ള തുക ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തണമെന്ന് കർശന നിർദ്ദേശമുണ്ടായിട്ടും ടി നിർദ്ദേശത്തിന് വിരുദ്ധമായി എക്സൈസ് ഇൻസ്പെക്ടർ ശ്രീ.ബിജു.എൻ.ബേബി ടിയാന്റെ കൈവശമുണ്ടായിരുന്ന 1730/- രൂപ രജിസ്റ്ററിൽ രേഖപ്പെടുത്താത്ത നിലയിൽ സൂക്ഷിച്ചത് മേൽ സർക്കുലറിന്റെ ലംഘനവും സർക്കാർ ഉദ്യോഗസ്ഥൻ എന്ന നിലയ്ക്കുള്ള നിരുത്തരവാദപരമായ പ്രവൃത്തിയുമാണെന്നും എന്നിരുന്നാലും ടിയാൻ 31.05.2024-ൽ സർവീസിൽ നിന്നും വിരമിക്കുന്നത് പരിഗണിച്ച് ടിയാനോട് അനുഭാവപൂർവ്വമായ സമീപനം

സ്വീകരിക്കാവുന്നതാണെന്ന് എക്സൈസ് കമ്മീഷണർ പരാമർശം (5) പ്രകാരം ശിപാർശ ചെയ്തിരുന്നു.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ ഓഫീസുകളിലെ ജീവനക്കാർ അവരവരുടെ കൈവശമുള്ള വ്യക്തിപരമായ ക്യാഷ് വിവരങ്ങൾ ഓരോ ദിവസവും ഓഫീസിൽ സൂക്ഷിച്ചിട്ടുള്ള ക്യാഷ് രജിസ്റ്ററിൽ രേഖപ്പെടുത്തണമെന്നിരിക്കെ എക്സൈസ് കമ്മീഷണറുടെ 28.10.2013-ലെ XE5-29602/13 നമ്പർ സർക്കുലർ പ്രകാരം എക്സൈസ് ഉദ്യോഗസ്ഥർ കൈവശമുള്ള തുക ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തണമെന്ന് കർശന നിർദ്ദേശമുണ്ടായിട്ടും ടി നിർദ്ദേശത്തിന് വിരുദ്ധമായി എക്സൈസ് ഇൻസ്പെക്ടർ ശ്രീ.ബിജു.എൻ.ബേബി ടിയാന്റെ കൈവശമുണ്ടായിരുന്ന 1730/- രൂപ രജിസ്റ്ററിൽ രേഖപ്പെടുത്താത്ത നിലയിൽ സൂക്ഷിച്ചത് സംബന്ധിച്ച് ശ്രീ.ബിജു.എൻ.ബേബിയുടെ ഭാഗത്ത് ബോധപൂർവ്വമല്ലാത്ത വീഴ്ച സംഭവിച്ചിട്ടുള്ളതായി ബോധ്യപ്പെടുന്നുണ്ടെങ്കിലും ടിയാൻ 31.05.2024-ൽ സർവീസിൽ നിന്നും വിരമിക്കുന്നത് പരിഗണിച്ച് ഇക്കാര്യത്തിൽ ദയാപരമായ ഒരു സമീപനം സ്വീകരിച്ച് ടിയാനെതിരെ ഈ വിഷയത്തിൽ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11, 16 പ്രകാരം സ്വീകരിച്ച് വരുന്ന അച്ചടക്ക നടപടികളിൻമേലുള്ള തുടർ നടപടികളിൽ നിന്നും ടിയാനെ ഒഴിവാക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PRAMOD M V
ജോയിന്റ് സെക്രട്ടറി

1) എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.
2) ശ്രീ.ബിജു.എൻ.ബേബി,എക്സൈസ് ഇൻസ്പെക്ടർ(എക്സൈസ് കമ്മീഷണർ മുഖേന)
3) ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4 വിജിലൻസ് (എ) വകുപ്പ് (31.05.2024-ലെ VIG-A2/532/2023-VIG പ്രകാരം)
5) അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്/ഇ.ആർ.എസ്.എ) കേരളം, തിരുവനന്തപുരം
6) വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
7) കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Reese. V. A**
**Date: 09-06-2024 12:07:43**

സെക്ഷൻ ഓഫീസർ